ॐ



**ഏട്ടാം സ്കന്ദം ആരംഭം**

യേന ചേതയതേ വിശ്വം വിശ്വം ചേതയതേ ന യം
യോ ജാഗർത്തി ശയാ നേƒസ്മിന്നായം തം വേദ വേദ സ: **(8–1–9)**
ആത്മാവാസ്യമിദം വിശ്വം യത് കിഞ്ചിജ്ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധ: കസ്യസ്വിദ്ധനം **(8–1–10)**
യം നപശ്യതി പശ്യന്തം ചക്ഷുർയസ്യ ന രിഷ്യതി
തം ഭൂതനിലയം ദേവം സുപർണ്ണമുപധാവത **(8–1–11)**
നയസ്യാദ്യന്തൌ മധ്യം ച സ്വ: പരോ നാന്തരം ബഹി:
വിശ്വസ്യാമൂനി യദ്യസ്മാദ്വിശ്വം ച തദൃതം മഹത് **(8–1–12)**
സവിശ്വകായ: പൂരുഹൂത ഈശ: സത്യ സ്വയം ജ്യോതിരജ: പുരാണ:
ധത്തേƒസ്യ ജന്മാദ്യ ജയാƒƒത്മശക്ത്യാ താം വിദ്യയോദസ്യ നിരീഹ ആസ്തേ **(8–1–13)**
അഥാഗ്രേ ഋഷയ: കർമ്മാണീഹന്തേƒകർമ്മഹേതവേ
ഈഹമാനോ ഹി പുരുഷ: പ്രായോƒനീഹാം പ്രപദ്യതേ **(8–1–14)**
ഈഹതേ ഭഗവാനീശോ ന ഹി തത്ര വിഷജ്ജതേ
ആത്മലാഭേന പൂർണ്ണാർത്ഥോ നാവസീദന്തി യേƒനുതം **(8–1–15)**
തമീഹമാനം നിരഹങ്കൃതം ബുധം നിരാശിഷം പൂർണ്ണമനന്യചോദിതം
നൃഞ്ശിക്ഷയന്തം നിജവർത്മസംസ്ഥിതം പ്രഭും പ്രപദ്യേƒഖിലധർമ്മഭാവനം **(8–1–16)**

*ശുകമുനി പറഞ്ഞു:*
ലൗകീകജീവിതം മതിയാക്കി സ്വയംഭുവമനു വനത്തിലേക്കു പോയി അവിടെ ഒറ്റക്കാലിൽനിന്നുകൊണ്ട് നൂറു കൊല്ലം തപസ്സിലേർപ്പെട്ടു. അദ്ദേഹം ഇങ്ങിനെ സ്തുതിച്ചു.

“വിശ്വം മുഴുവനും സാരവത്താക്കുന്നത് അവിടുന്നാണെങ്കിലും, ഈ വിശ്വം അവിടുത്തെ അറിയുന്നില്ല. ലോകം ഉറങ്ങിക്കിടക്കുമ്പോൾ അവിടുന്നുണർന്നിരിക്കുന്നു. അതിന് അങ്ങയെ അറിയില്ലെങ്കിലും അങ്ങതിനെ അറിയുന്നു. എന്തെല്ലാം ഉണ്ടോ അതെല്ലാം ആത്മാവത്രെ. സന്യാസം സ്വീകരിച്ച ഒരാൾ ആത്മഭാവത്തിൽ ആമഗ്നനായി വാഴണം. ഒരിക്കലും ആഗ്രഹത്തിനും ആർത്തിക്കും അടിമപ്പെടരുത്. ആരാണോ എല്ലാവരേയും കാണുകയും എന്നാൽ മറ്റുള്ളവർക്ക് കാണപ്പെടാതിരിക്കുന്നത്, ആ തിന്തിരുവടികളെ ശരണം പ്രാപിക്കുക. ആ യാഥാർത്ഥ്യം, ഉൺമ, അകത്തും പുറത്തുമല്ല. അതിന് ആദി മദ്ധ്യാന്തങ്ങളില്ല. ശത്രുവും മിത്രവുമില്ല. എങ്കിലും അത് വിശ്വം മുഴുവനുമാണ്. അവിടുത്തെ ശരീരമാണ് വിശ്വം. സ്വയംപ്രഭനും, പുരാതനനും, അജനുമാണവിടുന്ന്. വിശ്വസൃഷ്ടിയും, സംഹാരവും അവിടുന്നിൽ തന്നെ സംഭവിക്കുന്നു. മാമുനിമാരും ഇവിടെ കർമ്മനിരതരായിരിക്കുന്നത് അവിടുത്തെ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ കണ്ടിട്ടാണ്. ആരാണോ ആസക്തിയില്ലാതെ അവനവന്റെ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നത് അവൻ മുക്തനത്രെ. കർമ്മം ചെയ്യുന്നുവെങ്കിലും അവിടുത്തേക്ക് ബന്ധനമില്ല തന്നെ. ഈ മാതൃക പിന്തുടരുന്നവർ ഒരിക്കലും ദുരിതം അനുഭവിക്കേണ്ടിവരുന്നില്ല. ധർമ്മനിയമങ്ങൾ ഉണ്ടാക്കി നടപ്പാക്കിയ അവിടുന്ന് ധർമ്മം തന്നെ. ആ ഭഗവാനു മുമ്പിൽ ഞാൻ അഭയം തേടുന്നു.

അസുരന്മാർ, മനുവിന്റെ തപശ്ചര്യയെപ്പറ്റിയറിഞ്ഞ് അദ്ദേഹത്തെ വിഴുങ്ങാൻ തുനിഞ്ഞു. എന്നാൽ ഭഗവാൻ യജ്ഞരൂപത്തിൽ അവരെ നശിപ്പിക്കുകയും ഇന്ദ്രനായി ഭരണം നടത്തുകയും ചെയ്തു. സ്വരോചിഷം, ഉത്തമം, താമസം എന്നീ മന്വന്തരങ്ങളിൽ ഭഗവാൻ അവതരിച്ച് പല ഇന്ദ്രന്മാരുടേയും ദേവന്മാരുടേയും സഹായത്താൽ ധർമ്മത്തെ നിലനിർത്തി. സ്വരോചിഷത്തിൽ വിഭുവായി ആജീവനാന്തം ബ്രഹ്മചര്യം പാലിച്ചു. ഉത്തമത്തിൽ സത്യസേനനായും താമസമന്വന്തരത്തിൽ ഹരിയെന്നും അവിടുന്നറിയപ്പെട്ടു. ആ ഹരിയാണല്ലോ മുതലയുടെ പിടുത്തത്തിൽപ്പെട്ട ഭക്തനായ ആനയെ രക്ഷിച്ചത്.